# "ഇവൻ ചാമക്കാലക്കു സ്വന്തം"

**'അന്യജീവനുതകി സ്വജീവിതം ധന്യമാക്കുക' എന്ന വാക്യം കേൾക്കുമ്പോൾ എനിക്കാദ്യം ഓർമ്മ വരിക ഒരു ബൈക്കാണ്. പരസ്പരം വെറുപ്പും വിദ്വേഷവും പകയും വച്ചുപുലർത്തുന്ന വർത്തമാന കാലഘട്ടത്തിൽ അതിൽനിന്നെല്ലാം വ്യത്യസ്തമായ, മനുഷ്യസ്നേഹപരമായ ഒരു സമീപനം ഇതാ. തൃശൂർ ജില്ലയിലെ ചാമക്കാല എന്ന സ്ഥലത്തെ ഒരു ബൈക്കാണ് കഥാനായകൻ.**

'അന്യജീവനുതകി സ്വജീവിതം ധന്യമാക്കുക' എന്ന വാക്യം കേൾക്കുമ്പോൾ എനിക്കാദ്യം ഓർമ്മവരിക ഒരു ബൈക്കാണ്. പരസ്പരം വെറുപ്പും വിദ്വേഷവും പകയും വച്ചുപുലർത്തുന്ന വർത്തമാന കാലഘട്ടത്തിൽ അതിൽനിന്നെല്ലാം വ്യത്യസ്തമായ, മനുഷ്യസ്നേഹപരമായ ഒരു സമീപനം ഇതാ. തൃശൂർ ജില്ലയിലെ ചാമക്കാല എന്ന സ്ഥലത്തെ ഒരു ബൈക്കാണ് കഥാനായകൻ.

ചാമക്കാല സെന്ററിലെ ഒരു മരത്തണലിൽ അവൻ വിശ്രമിക്കുന്നുണ്ടാകും. തന്നെ കൊണ്ടുപോകാൻ വരുന്നവരേയും കാത്ത്. ആർക്ക്. എങ്ങോട്ടു വേണമെങ്കിലും അവനെ കൊണ്ടുപോകാം. സ്വന്തമായി പെട്രോൾ ഒഴിക്കണം എന്നു മാത്രം. ആവശ്യമായ പെട്രോൾ ഒരു ടിന്നിലോ



മറ്റോ കൊണ്ടുവന്ന് ഒഴിക്കാം, യാത്ര കഴിയുമ്പോൾ ബാക്കിയായ പെട്രോൾ എടുക്കണമെങ്കിൽ അതു ടിന്നിലാക്കി കൊണ്ടുപോകുകയും ചെയ്യാം. എന്നാൽ, പിശുക്കരായ ചിലർ മാത്രമേ അതു ചെയ്യാറുള്ളൂ. യാത്രയ്ക്കിടയിൽ എന്തെങ്കിലും അറ്റകുറ്റപ്പണി വണ്ടിക്കു വരികയാണെങ്കിൽ സ്വന്തം വണ്ടിപോലെ അതു ചെയ്യിക്കണം (സാധാരണ ഗതിയിൽ അങ്ങനെ വരാറില്ല).

ആപത്ത് സമയത്ത് നമ്മെ സഹായിക്കുന്ന ഒരു കൂട്ടുകാരനെപ്പോലെ അവൻ ആ നാട്ടിലെ ചെറുപ്പക്കാർക്കു പ്രിയങ്കരൻ. അവന് ഏറെ തിരക്ക് രാവിലെയും വൈകീട്ടുമാണ്. അതും സ്കൂൾ, കോളജ് സമയങ്ങളിൽ. ഇവന്റെ പുറത്തിരുന്നാണ് കോളജ് സമയങ്ങളിൽ ഇവർ 'ചെത്താ'നിറങ്ങുന്നത്. ഈ നേരങ്ങളിലൊന്നും ഇവൻ (ബൈക്ക്) ഇതുവരെ തങ്ങളെ ചതിച്ചിട്ടില്ലെന്നാണ് ഇവർ പറയുന്നത്.

ചാമക്കാല സെന്ററിൽ താമസിക്കുന്ന നൗഷാദ് എന്നയാളുടേതാണ് ഈ 'യെസ്ഡി' ബൈക്ക്. അദ്ദേഹം ബൈക്ക് കാണുന്നതു വല്ലപ്പോഴും മാത്രം. അവശ്യസമയങ്ങളിൽ തന്റെ ബൈക്ക് മൂലം മറ്റുള്ളവർക്ക് ഉപകാരം ഉണ്ടാകുന്നുണ്ടെങ്കിൽ അതിൽ തനിക്കു സന്തോഷമേയുള്ളൂ എന്നാണ് അദ്ദേഹം പറയുന്നത്.

വണ്ടി വാങ്ങിയ അവസരത്തിൽ നൗഷാദ് സ്വന്തമായാണ് ഇത് ഉപയോഗിച്ചിരുന്നത്. എന്നാൽ, ധാരാളം കൂട്ടുകാരുള്ള അയാൾ തന്റെ വണ്ടി കൂട്ടുകാർ ഉപയോഗിക്കുന്നതിൽ ഒരു എതിർപ്പും പ്രകടിപ്പിച്ചിരുന്നില്ല. പിന്നെ പിന്നെ വണ്ടി കൈമാറി കൈമാറി ഉപയോഗിച്ചു തുടങ്ങി. പിന്നീട് കുറെക്കാലം അതു കേടുവന്നു അയൽപക്കത്തെ ഒരു വീട്ടിൽ മാസങ്ങളോളം ഇരുന്നിരുന്നു. നാളുകൾക്കുശേഷം ആരോ അത് റിപ്പയർ ചെയ്തു ഉപയോഗിച്ചു തുടങ്ങി. അങ്ങനെ ക്രമേണ അതു നാട്ടുകാരുടെ വണ്ടിയായി, നാട്ടുകാർക്കൊരു ഉപകാരിയായി മാറുകയായിരുന്നു.

പെട്ടെന്നു കേൾക്കുമ്പോൾ ഇതൊരു ചെറിയ കാര്യമായി നമുക്കു തോന്നാം. നിത്യവും നാം കണ്ടും കേട്ടും അനുഭവിച്ചും കൊണ്ടിരിക്കുന്ന സംഭവങ്ങളും സ്ഥിതിവിശേഷങ്ങളുമായി യാതൊരു ബന്ധവുമില്ലാതെ ഒറ്റപ്പെട്ടും ഇത്തരം കൊച്ചുസംഭവങ്ങളിലൂടെയാകാം മനുഷ്യൻ മനുഷ്യനെ അറിയുന്നതും അവനിലെ മനുഷ്യസ്നേഹി ഉണർത്തെണീക്കുന്നതും.

**എം.സി.എച്ച്. അൻവർ**